മിസ്റ്റർ കെ. എസ്സ്. പണിക്കർ: നഴ്സുമാക്ക് പ്രത്യേകംവല്ല ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ടെങ്കിൽ അതു് ഇവക്കും കൊടുക്കാമോ? മറെറല്ലാ ക്ലിനിക്കുകളിലും ഉള്ള നഴ്സുമാക്ക് കൊടുക്കുന്നപോലെയെന്നാണു് ഞാൻ പറയുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: മറെറ ക്ലിനിക്കുകളിലെപോലെയെന്നു പറയാൻ തൃശ്ശിവപേരൂർ ഒരു ക്ലിനിക്ക മാത്രമല്ലെയുള്ളു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആ ക്ലിനിക്കിലെ നഴ്സ്സുമാക്ക കൊടുക്കുന്ന ആനുകൂല്യം ഇവക്കും കൊടുക്കാമോ? പുറമെ വേറെ ഒരു സ്ഥലത്തും ക്ലിനിക്കില്ലെന്നാണോ ധരിച്ചിരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതിനെപ്പററി അനേഷിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തു പരീക്ഷയാണു് കല്ലൂട്ടയിൽ പാസ്സായിട്ടുള്ളതു്?

റാവുബഹദൂർ ടി. കെ. നായർ: അതു് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇവരെ ടെയിനിങ്ങിനു് പറഞ്ഞയച്ചു എന്നു പറഞ്ഞിട്ടുള്ളതു് കൊച്ചി സ്റ്റേററിൽ നിന്നു് Traffic-നെപ്പററി പഠിക്കാൻ എന്നപേരിൽ തിരുവിതാംകൂർ കാണുവാനായി ഒരാളെ ഒരാഴ്ചക്കോ, രണ്ടാഴ്ചക്കോ പറഞ്ഞയച്ചതുപോലെയാണോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരഭിപ്രായമില്ല.

REGISTRATION OF DOCUMENTS

365. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) the number of documents registered in the Trichur Registry Office in the years 1120, 1121 and in the 1st half of 1122;

(*b*) how many Registrars were there in 1120 and 1121 and how many are there now;

(*c*) what is the average number of documents registered during the period in the other Registry Offices where there is one Registrar;

(*d*) do the Government realise that inordinate delay occurs to get documents registered in the Trichur Registry Office;

(*e*) have the Government received any representation demanding the appointment of one more Registrar in the Trichur Registry Office;

(*f*) if so, what action has been taken in the matter?

Rao Sahib K. Ayyappan *(Minister for Public Works):*

	1120	*1121*	*1st half of 1122*
(*a*)	6,325	6,811	4,056
(*b*)	2	2	2
(*c*)	2,353	2,512	1,199

(*d*) No.

(*e*) No.

(*f*) No answer required in view of answer to (*e*).

CLOTH DISTRIBUTION—DETAILS REGARDING

366. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സഭയം മറുപടി പറയുമോ.—

(എ) സ്റ്റേററിൽ പല സ്ഥലങ്ങളിലും ഉള്ള ജവുളിക്കടകളിൽനിന്നു റേഷൻ കാർഡു പ്രകാരമൊ സ്പെഷൽ പർമിററുപ്രകാരമൊ അധികൃതക്കാർ മറു പാവപ്പെട്ട പലക്കും തുണി കഠം കിട്ടുന്നില്ല എന്നുള്ള ആക്ഷേപം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടിൽനിന്നു് എന്തു നടപടികളാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) ആക്ഷേപങ്ങളെപ്പററി അപ്പോഴപ്പോൾ അനേഷിക്കുകയും ജാതിമത ഭേദമെന്യെ ഏററവും കുറച്ചു തുണിവാങ്ങിച്ചിട്ടുള്ളവക്കു് മുൻഗണന നൽകി കച്ചവടക്കാരെക്കൊണ്ടു തുണി വിതരണം നടത്തിക്കുന്നതിനു ഫീൽഡാഫീസർമാരേയും ചെക്കിങ്ങു് ഇൻസ്പെക്ടർമാരെയും നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly